# ഡോ. വയലാ വാസുദേവൻപിള്ള മെമ്മോറിയൽ ഗവ. ഹൈസ്കൂൾ വയലാ

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025–2026

# സമർപ്പണം

പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശാനുസരണം സ്കൂൾ സമിതികളുടെയും എസ്.ആർ.ജിയുടെയും തീരുമാനപ്രകാരം ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ സമഗ്രപുരോഗതി ലക്ഷ്യക്കി അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 അവതരിപ്പിക്കുന്നു. സ്കൂളിന്റെ ഉയർച്ചയ്ക്കും മികവിനും ഏറ്റവും സഹായകരമായിരിക്കും എന്ന് പ്രതീക്ഷിക്കുന്ന ഈ സമഗ്രവിദ്യാലയ  വികസനരേഖ ഏവരുടേയും അറിവിലേക്കായി സമർപ്പിക്കുന്നു.

**പി.ടി.എ. പ്രസിഡന്റ്**
ഒപ്പ്

**ഹെഡ്മിസ്ട്രസ്**
ഒപ്പ്

**പ്രിൻസിപ്പൽ**
ഒപ്പ്

**മാതൃസമിതി പ്രിഡന്റ്**
ഒപ്പ്

**എസ്.എം.സി ചെയർമാൻ**
ഒപ്പ്

**വിദ്യാലയവികസനസമിതി കൺവീനർ**
ഒപ്പ്

# ഉള്ളടക്കം


| ക്രമനമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 3 |
| 2. | പൊതുലക്ഷ്യങ്ങൾ | 4 |
| 3. | ലഘുചരിത്രം | 5 |
| 4. | അടിസ്ഥാനവിവരങ്ങൾ | 6 |
| 5. | വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട് | 7 |
| 6. | നിലവിലെ അവസ്ഥാ വിശകലനം (ഭൗതിക നേട്ടങ്ങൾ, അക്കാദമിക നേട്ടങ്ങൾ) | 8 |
| 7. | മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | 9 |
| 8. | പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം) | 10 |
| 10. | പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ, മോണിറ്ററിംഗ് | 25 |
| 11. | ഉപസംഹാരം | 26 |

## ആമുഖം

കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരഗ്രാമപഞ്ചായത്തായ ഇട്ടിവയിലെ വയലേലകൾ നിറഞ്ഞ നാട് വയലാ.

ചരിത്രവും ഐതിഹ്യവും പ്രകൃതിരമണീയതയും കെട്ടുപിണഞ്ഞുകിടക്കുന്ന സുന്ദരദേശം. ശിലായുഗസംസ്കാരത്തിന്റെ തിരുശേഷിപ്പായ കോട്ടുക്കൽ ഗുഹാക്ഷേത്രത്തിന് സമീപമാണ് നമ്മുടെ വിദ്യാലയം. ഏകശിലയിൽ കിഴക്കോട്ടഭിമുഖമായി പണികഴിച്ചിട്ടുള്ള ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലാണ്. നാനാജാതിമതസ്ഥരും സാധാരണക്കാരിൽ സാധാരണക്കാരുമായ ഒരു ജനതയാണ് സ്കൂളിന്റെ ചുറ്റുവട്ടത്ത് അധിവസിക്കുന്നത്. നാടകാചാര്യൻ ഡോ.വയലാ വാസുദേവൻപിള്ളയുടെ ജന്മനാടായ ഇവിടെ സംസ്ഥാന സാംസ്കാരികവകുപ്പ് അദ്ദേഹത്തിനായി സ്മാരകം നിർമ്മിച്ചിട്ടുണ്ട്. സഹ്യപർവ്വതസാനുവായ മടത്തറയിൽ നിന്നുത്ഭവിച്ച് ഞങ്ങളുടെ ഗ്രാമത്തെ ഹരിതാഭമാക്കുന്ന ഇത്തിക്കരയാർ നാടിന്റെ കുടിനീർവാഹിനിയാണ്. പുത്തൻ പരീക്ഷണങ്ങളുമായി കർഷകർക്കൊപ്പം നിലകൊള്ളുന്ന ജില്ലാ കൃഷിത്തോട്ടം സ്കൂളിന്റെ വിളിപ്പാടകലെയാണ്. മയിലുകളുൾപ്പെടെയുള്ള അപൂർവ്വ പക്ഷികളുടെയും നിരവധി ചെറുജന്തുജാലങ്ങളുടെയും അധിവാസകേന്ദ്രവുമാണ് കൃഷിഫാം. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ളവരെങ്കിലും സമർത്ഥരായ കുട്ടികളാണ് സ്കൂളിന്റെ മുതൽക്കൂട്ട്. നാടിന്റെ സമഗ്രവികസനം വിദ്യാലയത്തിലൂടെ എന്ന കാഴ്ചപ്പാട് സാർത്ഥകമാക്കുകയാണ് നാമിവിടെ.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക മികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച സംസ്ഥാന ദേശീയ അന്തർദേശത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.അധ്യാപനം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

## ലഘുചരിത്രം

കൊല്ലം ജില്ലയിലെ കിഴക്കൻമലയോരഗ്രാമമായ ഇട്ടിവാ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ വയലാ ഗവ.എച്ച്.എസ്. ആരംഭിച്ചത് 1974-75 കാലഘട്ടത്തിലാണ്. ചണ്ണപ്പേട്ട സ്വദേശി ശ്രീ. മാത്തൻ മാത്തൻ നൽകിയ മൂന്നേക്കർ സ്ഥലവും പൊതുജനങ്ങളിൽനിന്ന് സമാഹരിച്ച 25000 രൂപയും വിദ്യാഭ്യാസവകുപ്പിന് കൈമാറിയതിനെത്തുടർന്ന് സ്കൂൾ ആരംഭിക്കാൻ അനുമതി ലഭിച്ചു. തുടർന്ന് ജനകീയാടിസ്ഥാനത്തിലുള്ള ഒരു സ്പോൺസറിംഗ് കമ്മിറ്റി ഡോ. വയലാ വാസുദേവൻപിള്ള, ശ്രീ.കെ.എൻ. രാമാനുജൻപിള്ള എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടു. സ്കൂളിന്റെ ഔപചാരിക ഉദ്ഘാടനം 2/2/1976ൽ ചടയമംഗലം എം.എൽ.എയും വൈദ്യുതി മന്ത്രിയുമായ ശ്രീ.എം. എൻ. ഗോവിന്ദൻനായർ നിർവ്വഹിച്ചു. താല്ക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവന്ന സ്കൂളിനുവേണ്ടി ആദ്യമായി നിർമ്മിച്ച കെട്ടിടം 22/7/1980ൽ പൊതുമരാമത്ത് മന്ത്രി ശ്രീ. ബേബിജോൺ ഉദ്ഘാടനം ചെയ്തു. 1994-ൽ രണ്ടാമത്തെ കെട്ടിടത്തിന്റെ ഉദ്ഘാടനം അന്നത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. പി.കെ.കെ. ബാവ നിർവ്വഹിച്ചു. ആദരണീയരായ ജനപ്രതിനിധികളും നേതാക്കളും പൊതുജനങ്ങളും കാലാകാലങ്ങളിൽ നൽകിയ സഹായസഹകരണങ്ങളും ആണ് സ്കൂളിനെ ഉയർച്ചയിലേയ്ക്ക് നയിച്ചത്.

ഹയർസെക്കന്ററി തലത്തിലേയ്ക്ക് സ്കൂൾ ഉയർത്തപ്പെട്ടത് 1997-98 സ്കൂൾ വർഷത്തിലാണ്. ഹ്യുമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളുമായി ആരംഭിച്ച ഹയർസെക്കന്ററി ക്ലാസുകളുടെ ഉദ്ഘാടനം 30/7/97ൽ കേരള നിയമസഭാ സ്പാക്കർ ശ്രീ. എം. വിജയകുമാർ നിർവ്വഹിച്ചു. തൊട്ടടുത്ത അദ്ധ്യയനവർഷം സയൻസ് ബാച്ചും ആരംഭിച്ചു. കൊല്ലം ജില്ലയിലെ ഗ്രാമീണ മേഖലയിൽ ആദ്യം ഹയർസെക്കന്ററി കോഴ്സ് ആരംഭിച്ചത് വയലാ ഗവ. ഹൈസ്കൂളിലാണ്. നാട്ടുകാരും രക്ഷാകർത്താക്കളും സംഭാവനയായി നൽകിയ അഞ്ച് ലക്ഷം രൂപ വിനിയോഗിച്ചാണ് ഹയർ സെക്കന്ററി കോഴ്സുകൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കിയത്. പിന്നീടു വന്ന ജനപ്രതിനിധികളുടെ ആസ്ഥിവികസനഫണ്ടുകളും പൊതുജനങ്ങളുടെയും രക്ഷാകർത്താക്കളുടെയും അകമഴിഞ്ഞ സഹായങ്ങളുമാണ് സ്കൂളിനെ ഇന്ന് കാണുന്ന നിലയിലെത്തിച്ചത്.

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഗവ. ഹയർ സെക്കന്ററി സ്കൂൾ, വയലാ |
| 2. | വിലാസം | : | വയലാ പി.ഒ, അഞ്ചൽ വഴി, കൊല്ലം<br>പിൻ : 691306, ഫോൺ: 0474 2438470, 2438340 |
| 3. | സ്കൂൾ കോഡ് | : | 40041 (എച്ച്.എസ്), 20129 (എച്ച്.എസ്.എസ്) |
| 4. | വിദ്യാഭ്യാസ ഉപജില്ല | : | അഞ്ചൽ |
| 5. | വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| 6. | റവന്യു ജില്ല | : | കൊല്ലം |
| 7. | ബി.ആർ.സി | : | അഞ്ചൽ |
| 8. | സി.ആർ.സി | : | അലയമൺ |
| 9. | ഗ്രാമപഞ്ചായത്ത | : | ഇട്ടിവാ |
| 10. | ബ്ലോക്ക് പഞ്ചായത്ത് | : | ചടയമംഗലം |
| 11. | ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| 12. | നിയമസഭാ മണ്ഡലം | : | ചടയമംഗലം |
| 13. | ലോകസഭാ മണ്ഡലം | : | കൊല്ലം |
| 14. | വില്ലേജ് | : | ഇട്ടിവാ |
| 15. | താലൂക്ക് | : | കൊട്ടാരക്കര |
| 16. | ഇ-മെയിൽ | : | ghsvayala@gmail.com, hssvayala@gmail.com |

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യോാലയ അന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതി കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതിക നേട്ടങ്ങൾ

ഹൈസ്കൂൾവിഭാഗത്തിന് 15-ക്ലാസ് മുറികൾ, ലാബ്, ലൈബ്രറി, ഓഫീസ്, സ്റ്റാഫ് റൂം ഉൾപ്പെടെ രണ്ട് രണ്ടുനില കോൺക്രീറ്റ് കെട്ടിടങ്ങൾ. പത്ത് ക്ലാസ്മുറികളിൽ ഹൈടെക് സംവിധാനം ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്കാനുപാതികമായി ശുചിമുറികളും ഉണ്ട്. പഠന-പാഠ്യേതര പ്രവർത്തനങ്ങൾക്കായി മൾട്ടിമീഡിയ ഡിജിറ്റൽ ഡോൾബി എസി തീയറ്റർ, ശീതീകരിച്ച മിനി തീയേറ്റർ, വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി സിസിടിവി നിരീക്ഷണം, മികച്ച ലാബ്, ലൈബ്രറി സംവിധാനം, വിശാലമായ സ്റ്റേഡിയം, നവീകരിച്ച കമ്പ്യൂട്ടർ ലാബ്, ആർട്ട് ഗ്യാലറി എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

## അക്കാദമിക നേട്ടങ്ങൾ

പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്ന സാഹചര്യത്തിൽ 2017-18 അധ്യയനവർഷം എട്ടാംതരത്തിൽ ഒരു ഡിവിഷൻ വർദ്ധിപ്പിക്കുവാനും മൂന്ന് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനായതും അഭിമാനകരമായ നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. സേവനസന്നദ്ധരും തദ്ദേശീയരുമായ ഒരു കൂട്ടം അദ്ധ്യാപകരുടേയും അവർക്ക് നേതൃത്വം നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഹെഡ്മാസ്റ്ററുടെയും പി.ടി.എയുടെയും പ്രവർത്തനഫലമായാണ് ഈ നേട്ടം കൈവരിക്കാനായത്.

അക്കാദമിക തലത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന സ്കൂൾ കഴിഞ്ഞ കുറേ വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടിവരുന്നു. 2024 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 112 വിദ്യാർത്ഥികളിൽ 33 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ നേടി. ഈ വർഷത്തെ ജില്ലാ-സംസ്ഥാന ശാസ്ത്ര-ഗണിതശാസ്ത്ര, പ്രവർത്തിപരിചയ, ഐ.റ്റി മേളകളിലും, സ്കൂൾ കലോത്സവത്തിലും കുട്ടികൾ സജീവമായി പങ്കെടുക്കുകയും ഉജ്ജ്വലവിജയം കരസ്ഥമാക്കുകയും ചെയ്തു. ജില്ല-സംസ്ഥാന കായികമേളകളിൽ 26 കുട്ടികൾ സംസ്ഥാനതലത്തിൽ പങ്കെടുക്കുകയും തിളക്കമാർന്ന വിജയം നേടുകയും ചെയ്തു. സ്കൂളിൽ പരിശീലനം നൽകിയ വിദ്യാർത്ഥികളിൽ 3 പേർക്ക് 2024-25 എൻ.എം.എം.എസ് സ്കോളർഷിപ്പ് ലഭിച്ചു.

പഠനവൈകല്യമുള്ള കുട്ടികൾക്ക് റിസോഴ്സ് അദ്ധ്യാപികയുടെ സേവനം, സാമൂഹ്യപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ ഭവനസന്ദർശനം, സൗഹൃദപരമായ അദ്ധ്യാപകവിദ്യാർത്ഥി ബന്ധം, സമരരഹിത വിദ്യാലയം, പി.ടി.എ തുടങ്ങിയ സംഘടനകളുടെ സമയോചിത ഇടപെടലുകൾ എന്നിവയും സ്കൂളിന്റെ പ്രവർത്തനമികവിന് മാറ്റു പകരുന്നു.

## മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ❖ ഭാഷാശേഷി വികസനം<br>❖ ഗണിതശേഷി വികസനം ഇംഗ്ലീഷ്, ഹിന്ദി,<br>❖ മലയാളം പഠന പരിപോഷണം<br>❖ വായനാ പരിപോഷണം<br>❖ ലൈബ്രറി ശാക്തീകരണം<br>❖ പ്രതിഭാ പോഷണ പരിപാടി<br>❖ ശലഭോദ്യാനം<br>❖ പഠനയാത്രകൾ<br>❖ സെമിനാറുകൾ<br>❖ കലാകായിക ശാസ്ത്രമേളകൾ<br>❖ ഐ.ടി പരിശീലനം<br>❖ ക്ലാസ് സജീവമാക്കൽ<br>❖ എസ്.ആർ.ജി ശാക്തീകരണം<br>❖ ശില്പശാലകൾ<br>❖ ഭിന്നശേഷി വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കൽ<br>❖ അധ്യാപകശാക്തീകരണ പരിപാടികൾ<br>❖ പോഷകാഹാര പരിപാടി ടേം മൂല്യനിർണ്ണയം നിരന്തര മൂല്യനിർണയം<br>❖ ദിനാചരണങ്ങൾ<br>❖ മത്സരപരീക്ഷ പരിശീലനം<br>❖ കായിക പഠനം<br>❖ വിജയഭേരി ക്ലാസുകൾ | ❖ ചുറ്റുമതിൽ<br>❖ കളിസ്ഥലം<br>❖ ലൈബ്രറി, വിശ്രമമുറി<br>❖ വായനാമുറി<br>❖ കമ്പ്യൂട്ടർ ലാബ്<br>❖ മൾട്ടി മീഡിയ റൂം<br>❖ കുടിവെള്ള വിതരണം<br>❖ ഡൈനിങ് ഹാൾ<br>❖ മാലിന്യസംസ്കരണം<br>❖ ഉദ്യാനം<br>❖ ഭാഷോത്സവം<br>❖ ഗണിതോത്സവം<br>❖ ശാസ്ത്രോത്സവം<br>❖ ഐ.ടിമേള<br>❖ കലാകായിക പ്രവർത്തി പരിചയമേള<br>❖ ക്ലാസ് ലൈബ്രറി<br>❖ ഭിന്നശേഷി കുട്ടികളുടെ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ | ❖ പി.ടി.എ ശക്തിപ്പെടുത്തൽ<br>❖ വിദ്യാലയ വികസനസമിതി<br>❖ ഒ.എസ്.എയുടെ പ്രവർത്തനം<br>❖ എസ്.എസ്.എൽ.സി ജാഗ്രത സമിതി കാര്യക്ഷമമാക്കൽ<br>❖ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അദ്ധ്യാപകർ, സഹകരണസ്ഥാപനങ്ങൾ, വ്യവസായഗ്രൂപ്പുകൾ എന്നിവയുടെസേവനം പ്രയോജനപ്പെടുത്തൽ<br>❖ ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ<br>❖ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>❖ ഭവന സന്ദർശനം |

# പദ്ധതി വിശദാംശങ്ങൾ

(മേഖല, ഉപമേഖല, പ്രോഗ്രാം/ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലയളവ്, ചുമതലകൾ, സാമ്പത്തിക വിശകലനം)

## അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** **ഉപമേഖല: മലയാളം**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ♦ സ്വതന്ത്രവായന<br>♦ എല്ലാകുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.<br>♦ വായനാനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിനും പുസ്തക ചർച്ചകൾ നടത്തുന്നതിനും അവസരം സൃഷ്ടിക്കുക. | ♦ എല്ലാവർക്കും വായനാഡയറി. വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കുന്നതിനായി എല്ലാ കുട്ടികൾക്കും ഒരു ഡയറി ഉറപ്പാക്കുന്നു.<br>♦ എല്ലാ മെച്ചപ്പെട്ട ഡയറി സ്കൂൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു. | എല്ലാ മാസത്തിലെയും അവസാനത്തെ വെള്ളിയാഴ്ച ഡയറിയുടെ ക്ലാസ്തല പ്രദർശനം | ഭാഷാധ്യാപകർ വിദ്യാരംഗം | പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ എസ്.എസ്.എ |
| ♦ ക്ലാസ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക.<br>♦ വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക<br>♦ രചനാപരമായ കഴിവ് വളർത്തുക.<br>♦ പ്രാദേശികമായി വായനാ സാമഗ്രികൾ രൂപപ്പെടുത്തുക. | ♦ ക്ലാസ് ലൈബ്രറിയും ആനുകാലിക പുസ്തകങ്ങളുടെ ഡിസ്പ്ലേയും പാഠഭഘങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ/ഫോട്ടോകോപ്പികൾ ക്ലാസ് ലൈബ്രറിയിലെ പുസ്തക ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കും.<br>♦ വീട്ടിൽ ഒരു ലൈബ്രറി | ഒരു വർഷം | ക്ലാസ് അധ്യാപകർ, ഭാഷാധ്യാപകർ, പി.ടി.എ | 75000/- രൂപ<br>പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ എസ്.എസ്.എ |
| ♦ വിജ്ഞാനവിപുലീകരണം.<br>♦ വായനയിലും സർഗാത്മക വായനയിലും ഒരുപോലെ താല്പര്യം വളർത്തുക.<br>♦ കുട്ടികളിൽ രചനാ ശേഷി വർദ്ധിപ്പിക്കൽ | ♦ ഭാഷാ പാഠപുസ്തകങ്ങൾ ICT സഹായത്തോടെ ലഘൂകരിച്ച് കുട്ടികളിൽ താൽപര്യം വളത്തുക. | ജൂലൈ 1 മുതൽ ഫെബ്രുവരി 28 വരെ | ഭാഷാധ്യാപകർ, പി.ടി.എ | 1000/- രൂപ<br>പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ എസ്.എസ്.എ |

| | | അക്കാദമിക് മാസ്റ്റർപ്ലാൻ | | |
|---|---|---|---|---|
| മേഖല: അക്കാദമികം | | | ഉപമേഖല: ഇംഗ്ലീഷ് | |
| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
| **ഫ്രണ്ട്ലി ഇംഗ്ലീഷ്**<br>ഇംഗ്ലീഷ് ഭാഷയെ കുട്ടിയോടു ചേർക്കുക. ഒഴുക്കോടെ ഇംഗ്ലീഷ് എഴുതാനും സംസാരിക്കാനും അവസരം നൽകൽ. | കുട്ടികളുമായി ഇംഗ്ലീഷിൽ അനൗപചാരിക സംഭാഷണം. ഇംഗ്ലീഷ് പത്രവായന, ഇംഗ്ലീഷ് പുസ്തകവായന, ലാംഗ്വേജ് ഗെയിംസ്. ലളിതവും രസകരവുമായ ഇംഗ്ലീഷ് ഭാഷ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. | (ദീർഘകാലം)<br>ജൂൺമുതൽ<br>ഫെബ്രുവരി വരെ<br>(പ്രതിദിനം) | ഇംഗ്ലീഷ് ടീച്ചർ,<br>ലൈബ്രേറിയൻ | പി.ടി.എ<br>എസ്.എസ്.എ |
| **ഇംഗ്ലീഷ് ഫോർ ലൈഫ്**<br>കുട്ടി ആർജ്ജിച്ച അറിവുകളും നൈപുണ്യങ്ങളും പ്രാവർത്തികമാക്കുന്നതിന് സർഗ്ഗാത്മക വാസനകൾ പരിപോഷിപ്പിക്കുന്നതിന്. | ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം, പാഠഭാഗങ്ങൾ ഉൾപ്പെടുത്തി കുട്ടികളുടെ സഹായത്തോടെ ഇംഗ്ലീഷ് ക്വസ്റ്റ്യൻ ബാങ്ക് പ്രസിദ്ധീകരണം.<br>ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ ജന്മദിനങ്ങളിൽ കഥാരചന, കവിതാരചന, പദ്യംചൊല്ലൽ തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുക, വിജയികളെ അനുമോദിക്കുക. ക്ലാസ് ലൈബ്രറി, ഇംഗ്ലീഷ് സർഗ്ഗമേള, ചുവർ ചിത്രങ്ങൾ, ഇംഗ്ലീഷ് ബ്ലോഗ് നിർമ്മാണം, വായന മത്സരങ്ങൾ. | ഓഗസ്റ്റ്- സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ<br>എസ്.എസ്.എ |
| **ഇംഗ്ലീഷ് അസംബ്ലി**<br>ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിന് നേതൃത്വപാടവം വളർത്തിയെടുക്കുന്നതിന്. | ദേശീയ-സർവ്വദേശീയ ദിനാചരണങ്ങളുടെ ഭാഗമായി ഇംഗ്ലീഷ് ഭാഷയിൽ അസംബ്ലി അവതരിപ്പിക്കുക. | (ദീർഘകാലം)<br>ജൂൺമുതൽ<br>ഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ്**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് ക്ലബ്ബ്**<br>ഇംഗ്ലീഷ് പദസമ്പത്ത് പരിപോഷണ ത്തിന് ഇംഗ്ലീഷ് ഉച്ചാരണം മികവുറ്റ താക്കുന്നതിന്. | ഐ.സി.റ്റി.സാധ്യതകൾ പ്രയോ ജനപ്പെടുത്തി ഇംഗ്ലീഷ് ഭാഷ യുടെ അംഗീകരിക്കപ്പെട്ട ഉച്ചാര ണരീതി ഉറ്പിക്കുന്ന തരം പ്രവർത്തനങ്ങൾ-വീഡിയോ, ആഡിയോ ക്ലിപ്സ്,പോ ഡ്കാസ്റ്റ്സ് തുടങ്ങിയവ ഉപ യോഗിച്ചുള്ള പ്രവർത്തനങ്ങൾ, ഡിസ്പ്ലേ ബോർഡിലൂടെ ദിവ സവും നാലഞ്ചു വാക്കുകൾ ഫ്ലാഷ് കാർഡ് മാതൃകയിൽ പ്രദർശിപ്പിക്കുന്നു. | പ്രതിദിനം/<br>പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകർ<br>ക്ലബ്ബ് സെക്രട്ടറി | |
| **ഇംഗ്ലീഷ് ഫെസ്റ്റ്**<br>വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുക. | കുട്ടികളെക്കൊണ്ട് പലതരത്തി ലുള്ള പ്രവർത്തനങ്ങൾ വേദി യിൽ അവതരിപ്പിക്കുന്നു.<br>സ്കിറ്റ്, ഡ്രാമ,റോൾ പ്ലേ, റെസി റ്റേഷൻ, കോറിയോഗ്രാഫി, റീഡേഴ്സ് തീയേറ്റർ എന്നിവ.<br>പാഠഭാഗങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിച്ചു ഷൂട്ട് ചെയ്തു മികവാർന്ന രീതിയിൽ പ്രദർശിപ്പിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ<br>എസ്.എസ്.എ |

## അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** | **ഉപമേഖല: ഹിന്ദി**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **ഹിന്ദി ലാബ്**<br>രാഷ്ട്രഭാഷയോടുള്ള ആഭിമുഖ്യം വളർത്തുന്നു.<br>ഉദ്ധരണികളോട് മൂല്യബോധം ജനിപ്പിക്കുന്നു.<br>ഐ.റ്റി.സിമുഖേന കുട്ടികളെ അക്ഷരങ്ങളുടെയും വാക്കുകളുടെയും ശരിയായ പ്രയോഗം പഠിപ്പിക്കുക. | ക്ലാസ് റൂം സജ്ജീകരണം. വീഡിയോ ക്ലിപ്പിംഗ്സ്പ്രദർശനം അക്ഷരങ്ങളുടെ ശരിയായ ഘടന. ശരിയായ ഉച്ചാരണം. പദപ്രശ്നങ്ങളുടെ പരിശീലനം. ചെറുനാടകങ്ങളുടെ അവതരണം. | ജൂൺ മുതൽ | ഹെഡ്മാസ്റ്റർ<br>അദ്ധ്യാപകൻ<br>പി.ടി.എ | പി.ടി.എ<br>എസ്.എസ്.എ |
| **ക്ലാസ് റൂം ഹിന്ദി ലൈബ്രറി സജ്ജീകരിക്കൽ**<br>കുട്ടികളിൽ വിഷയത്തോട് കൂടുതൽ താല്പര്യമുണ്ടാക്കുന്നു.<br>പുസ്തകസമാഹരണം ക്ലാസ് റൂമുകളിൽ കഥ, കവിത, ലേഖനങ്ങൾ മുതലായവ കുട്ടികളെക്കൊണ്ട് സജ്ജീകരിക്കൽ. | പുസ്തകശേഖരണം<br>ഹിന്ദിപത്രങ്ങൾ<br>ആനുകാലികങ്ങൾ<br>കഥാപുസ്തകങ്ങൾ<br>പുസ്തക വിതരണം<br>എല്ലാ ക്ലാസ് റൂമുകളിലും ഭാഷാ പരിപാടി. | ജൂൺ മുതൽ | ഹിന്ദി ടീച്ചർ | പി.ടി.എ |
| **രാഷ്ട്രഭാഷ സുഗമമാക്കുക.**<br>ഐ.ടി.സി മുഖേന വിദഗ്ദ്ധ വ്യക്തികളുടെ സംവാദങ്ങൾ, സംഭാഷണങ്ങൾ, പ്രസംഗങ്ങൾ മുതലായവ കാണിക്കുക.<br>ഹിന്ദിയിലെ വിദഗ്ദ്ധരായ അദ്ധ്യാപകരെ കൊണ്ട് ക്ലാസുകൾ എടുപ്പിക്കുക. | കുട്ടികളുടെ പങ്കാളിത്തം<br>കുട്ടികൾക്ക് പരിശീലനം<br>സെമിനാറുകൾ, സംവാദങ്ങൾ സംഘടിപ്പിക്കുക.<br>വിദഗ്ദ്ധ അധ്യാപകരുമായുള്ള സംഭാഷണങ്ങൾ, അഭിമുഖങ്ങളുടെ അവതരണം. | സെപ്റ്റംബർ മുതൽ | ഹിന്ദി ടീച്ചർ | എസ്.എസ്.എ |
| **സ്കൂൾ അസംബ്ലി**<br>വായനാശേഷി വർദ്ധിപ്പിക്കൽ, വ്യവഹാര രൂപങ്ങൾ ശരിയായ രീതിയിൽ അവതരിപ്പിക്കാൻ പ്രാപ്തരാക്കുക. സാമൂഹികബോധം വളർത്തുക. | കുട്ടികളെ പങ്കെടുപ്പിക്കുക.<br>പരിശീലനം നൽകൽ<br>പത്രങ്ങൾ, മഹത് വചനങ്ങൾ, രചനകൾ, കവിതകൾ തയ്യാറാക്കൽ. | ജൂൺ മുതൽ | ഹിന്ദി ടീച്ചർ | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** | **ഉപമേഖല: ഗണിതം**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠനം ലളിതവും രസകരവുമാക്കുക. | ചിത്രങ്ങൾ, വീഡിയോകൾ, ഗണിത ഗാനങ്ങൾ എന്നിവയിലൂടെയുള്ള പഠനം. | ജൂൺ ആദ്യവാരം | അധ്യാപകർ | |
| 2. ആശയ ധാരണ കൈവരിക്കൽ. | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, | തുടർപ്രവർത്തനം | അധ്യാപകർ | |
| 3. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ. | ഇൻസ്ട്രുമെന്റ് ബോക്സ്, ശില്പശാലകൾ. | തുടർ പ്രവർത്തനം | അധ്യാപകർ കുട്ടികൾ | ടീച്ചേഴ്സ് ഗ്രാന്റ് |
| 4. ഗണിതത്തിലെ ആശയങ്ങൾ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, കുട്ടികൾ, പി.ടി.എ | പി.ടി.എ ഫണ്ട് |
| 5. പ്രധാന ദിനങ്ങൾ, ഗണിതത്തിലെ പ്രഗത്ഭരായ വ്യക്തികൾ, അവരുടെ സംഭാവനകൾ. | ഗണിത ക്ലബ്ബ് രൂപീകരണം | ജൂലൈ | അധ്യാപകർ, കുട്ടികൾ, ഗണിതക്ലബ്ബ് | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 6. ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടുത്തൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ശില്പശാല നടത്തുന്നു. | തുടർപ്രവർത്തനം | അധ്യാപകർ ഗണിതക്ലബ്ബ് | |
| 7. സംഘബോധം ഉണ്ടാക്കൽ. | സംഘ പഠനം | ആഗസ്റ്റ് | അധ്യാപകർ, സംഘത്തിലെ കുട്ടികൾ | പി.ടി.എ |

| മേഖല: അക്കാദമികം | അക്കാദമിക് മാസ്റ്റർപ്ലാൻ | | | ഉപമേഖല: ഗണിതം |
|---|---|---|---|---|
| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
| 8. അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടിക ളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | ചർച്ചകൾ, പാഠാസൂത്രണം എന്നീ പ്രവർത്തനങ്ങൾ | തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപ കർ | |
| 9. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബി ലേയ്ക്ക് ആവശ്യമായ പഠനോപക രണങ്ങൾ ശേഖരിക്കൽ. | ഒക്ടോബർ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | |
| 10. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികളുടെയും, സമീപപ്രദേശങ്ങ ളിലെ ഗണിത അധ്യാപകരും പങ്കെ ടുക്കുന്ന ചർച്ചകൾ. | തുടർ പ്രവർത്തനം | ഗണിത അധ്യാപ കർ, കുട്ടികൾ | |
| 11. ഗണിത മത്സരവേദികൾ, മേളകൾ എന്നിവയിൽ കുട്ടികളുടെ പങ്കാ ളിത്തം. | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | നവംബർ | ക്ലബ്ബ് സെക്രട്ടറി,അ ധ്യാപകർ, എച്ച്. എം, പി.ടി.എ | ടീച്ചേഴ്സ് ഗ്രാന്റ് പി.ടി.എ |
| 12. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | പി.ടി.എയുടെ പ്രവർത്തനം. | തുടർപ്രവർത്തനം | അധ്യാപകർ, എച്ച്. എം, പി.ടി.എ, എസ്.എം.സി | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** **ഉപമേഖല: ഫിസിക്സ്**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **ഭൗതികശാസ്ത്രത്തെ അറിയൽ**<br>കുട്ടിയുടെ ഭൗതികശാസ്ത്രപരമായ അറിവുകൾ വിശകലനം ചെയ്ത് പ്രായോഗിക തലത്തിലെത്തിക്കുന്നതിന്. പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ ശാസ്ത്ര താല്പര്യമുണ്ടാക്കുക. | പരീക്ഷണങ്ങൾ, സെമിനാറുകൾ, ചാർട്ടുകൾ,ശാസ്ത്ര മാഗസിനുകൾ തുടങ്ങിയവ. | ജൂൺ-ജൂലായ് | അദ്ധ്യാപകർ | പി.ടി.എ<br>എസ്.എസ്.എ |
| **ഭൗതികശാസ്ത്രം നിത്യജീവിതത്തിൽ**<br>നിത്യജീവിതവുമായി ബന്ധപ്പെടുത്തി ശാസ്ത്രത്തെ കൂടുതൽ മനസ്സിലാക്കി പ്രയോഗതലത്തിലെത്തിക്കുന്നതിന്. | പരീക്ഷണങ്ങൾ, ശാസ്ത്രസംബന്ധിയായ ഹ്രസ്വചിത്രങ്ങൾ, ആക്ടിവിറ്റി കോർണർ, സയൻസ് എക്സിബിഷൻ. | രണ്ട്മാസം | അദ്ധ്യാപകർ | |
| **പ്രപഞ്ചരഹസ്യങ്ങൾ തേടി**<br>പ്രപഞ്ചത്തിന്റെ ഉല്പ്പത്തി, പ്രാപഞ്ചിക പഠനം എന്നീ മേഖലകൾക്ക് ഊന്നൽ കൊടുക്കുന്നു. | ശാസ്ത്രലൈബ്രറി, സെമിനാറുകൾ ഐ.സി.റ്റി. സാധ്യതയിലൂടെ ശാസ്ത്രലോകത്തെ പുതിയ പരീക്ഷണങ്ങൾ, ഫീൽഡ് ട്രിപ്പ്. | നവംബർ-ജനുവരി | സയൻസ് ക്ലബ്ബ്, സയൻസ് അദ്ധ്യാപകർ | |
| **ശാസ്ത്രം സമൂഹത്തിലേക്ക്**<br>കുട്ടികൾ ഇതുവരെ ആർജ്ജിച്ച അറിവിൽ നിന്ന്ശാസ്ത്രം എപ്രകാരം സമൂഹത്തിന് ഉപകാരപ്പെടുന്നു എന്ന് ലക്ഷ്യമിടുന്നു. | ജൈവവൈവിധ്യ പാർക്ക്, ബോധവൽക്കരണക്ലാസുകൾ, ലൈബ്രറി, ലബോറട്ടറി | ജനുവരി-മാർച്ച് | സയൻസ് അദ്ധ്യാപകർ | ജില്ലാപഞ്ചായത്ത് |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** | **ഉപമേഖല: കെമിസ്ട്രി**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| രസതന്ത്രപഠനം- രസകരം. നൂതനമായ ആശയങ്ങൾ പരിചയപ്പെടുത്തി കുട്ടികളിൽ ശാസ്ത്രീയ അവബോധം വളർത്തൽ | പരീക്ഷണങ്ങൾഅവയുടെ പ്രദർശനം. | ജൂൺ മുതൽ ആഗസ്റ്റ് ആദ്യവാരം | അദ്ധ്യാപകർ | |
| രസതന്ത്രമേഖലയിൽ സ്വാധീനം ചെലുത്തി ശാസ്ത്രഞ്ജന്മാരെ കുറിച്ച് അറിവ് ലഭിക്കൽ. | ഐ.സി.റ്റി. ക്ലാസ്സുകളിലൂടെ പ്രധാന സംഭാവനകളും പരീക്ഷണങ്ങളും വ്യക്തമാക്കുന്നതിനുള്ള പ്രദർശനം. | ആഗസ്റ്റ് -സെപ്റ്റംബർ | അദ്ധ്യാപകർ | |
| നിത്യ ജീവിതത്തിൽ രസതന്ത്രത്തിന്റെ പങ്ക്.<br>നിത്യജീവിതത്തിൽ രസതന്ത്രത്തിന്റെ പങ്ക് എന്തെന്ന് വിവിധ വസ്തുക്കളുടെ ഉപയോഗവുമായി ബന്ധപ്പെടുത്തി കണ്ടെത്തുന്നു. | ലളിതമായ പരീക്ഷണങ്ങൾ വസ്തുക്കളുടെ നിർമ്മാണപ്രവർത്തനങ്ങൾ. | ജൂൺ- ജനുവരി | അദ്ധ്യാപകർ | |
| രാസപദാർത്ഥങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ. | പരീക്ഷണങ്ങൾ, ഫാക്ടറി സന്ദർശനം, ഐ.സി.റ്റി സാദ്ധ്യതയുടെ ഉപയോഗപ്പെടുത്തൽ. | ആഗസ്റ്റ്- ജനുവരി | അദ്ധ്യാപകർ | പി.ടി.എ<br>എസ്.എസ്.എ |
| പരിസര ശുചീകരണം<br>രാസപദാർത്ഥങ്ങളുടെ ഉപയോഗം ജീവജാലങ്ങൾക്കും മനുഷ്യർക്കും ഉണ്ടാക്കുന്ന ദോഷങ്ങൾ. | ദോഷകരമായ രാസപദാർത്ഥങ്ങളെ കണ്ടെത്തൽ.<br>റീസൈക്ലിംഗ് ജൈവ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ. | ജൂൺ- ജനുവരി | അദ്ധ്യാപകർ<br>പി.ടി.എ<br>സാങ്കേതികവിദഗ്ദ്ധർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** | **ഉപമേഖല: ജീവശാസ്ത്രം**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| ♦ മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളടങ്ങിയ സർവ്വേ ഫോം കുട്ടികൾക്ക് വിതരണം ചെയ്യുന്നു. സമീപത്തുള്ള വീടുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു. സർവ്വേ ഫലങ്ങൾ ടീച്ചർ ക്രോഡീകരിക്കുന്നു. | മഴക്കാല രോഗങ്ങൾ, ശുചീകരണം | ജൂൺ-ആഗസ്റ്റ് | സ്കൂൾതല സമിതി, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | വിദ്യാലയ വികസനസമിതി | മഴക്കാല രോഗ നിർമ്മാർജ്ജനം, ശുചീകരണം എന്നിവയിൽ വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുകയും അത് സമൂഹത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. |
| ♦ മഴക്കാല രോഗങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | മഴക്കാല രോഗങ്ങൾ, ശുചീകരണം | ജൂൺ-ആഗസ്റ്റ് | സ്കൂൾതല സമിതി, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | | |
| ♦ ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരണം. ലഘുലേഖ നിർമ്മാണം ബോധവത്ക്കരണ ക്ലാസ് | ലഹരി നിർമ്മാർജ്ജനം | ജൂൺ-ആഗസ്റ്റ് | സ്കൂൾതല സമിതി, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | | |
| ♦ റാലി, വിദഗ്ദ്ധരുടെ ക്ലാസുകൾ, കൗൺസിലിങ് | ലഹരി നിർമ്മാർജ്ജനം | | സ്കൂൾതല സമിതി, കൗൺസിലിങ് ടീച്ചർ അധ്യാപകർ, വിദ്യാർത്ഥികൾ | വിദ്യാലയ വികസനസമിതി | കുട്ടികൾ ലഹരി വസ്തുക്കളുടെ ദോഷവശങ്ങൾ മനസ്സിലാക്കി അതിനെതിരെ ബോധവാന്മാരാകുന്നു. |
| ♦ ആഴ്ചതോറും ഫിറ്റ്നസ് പ്രോഗ്രാം. ക്ലബ്ബ് പ്രവർത്തനങ്ങൾ | ലഹരി നിർമ്മാർജ്ജനം | ജൂൺ-ഫെബ്രുവരി | സ്കൂൾതല സമിതി, കൗൺസിലിങ് ടീച്ചർ അധ്യാപകർ, വിദ്യാർത്ഥികൾ | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** **ഉപമേഖല: ജീവശാസ്ത്രം**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| ♦ മാലിന്യങ്ങൾ തരംതിരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മ സേനയെ ഏൽപ്പിക്കുക. | മാലിന്യസംസ്കരണം | ജൂൺ-ഫെബ്രുവരി | പരിസ്ഥിതി ക്ലബ്ബ്, ജെ.ആർ.സി | | സ്കൂളുകളിലെ പ്രധാനപ്പെട്ട മാലിന്യങ്ങളായ ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഉപയോഗശൂന്യമായ പേനകൾ എന്നിവയുടെ സംസ്കരണം, മലിനീകരണം എന്നിവയെക്കുറിച്ച് ബോധവാന്മാരാകുന്നു. |
| ♦ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | മാലിന്യസംസ്കരണം | ജൂൺ-ഫെബ്രുവരി | | | |
| ♦ കുട്ടികൾക്ക് മാലിന്യസംസ്കരണത്തെക്കുറിച്ചുള്ള സെമിനാറുകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | മാലിന്യസംസ്കരണം | ജൂൺ-ഫെബ്രുവരി | പരിസ്ഥിതി ക്ലബ്ബ് | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** **ഉപമേഖല: സാമൂഹ്യശാസ്ത്ര പഠനം**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **മാതൃകാ പാർലമെന്റ്**<br>കുട്ടികളിലെ കഴിവുകൾ തിരിച്ചറിയൽ, രാഷ്ട്രീയ അവബോധം ഉണ്ടാക്കിയെടുക്കൽ.<br>സമൂഹവുമായി അടുപ്പിക്കൽ.<br>ലക്ഷ്യബോധം കുട്ടികളിൽ വളർത്തൽ.<br>ജനാധിപത്യബോധം വളർത്തിയെടുക്കൽ. | രാഷ്ട്രീയ പ്രമുഖെ സ്കൂളിലേയ്ക്ക് വിളിച്ച് ഇന്റർവ്യു സംഘടിപ്പിക്കുക.<br>നിയമസഭാ സന്ദർശനം.<br>കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ തലത്തിൽ മാതൃകാപാർലമെന്റ് സംഘടിപ്പിക്കുക.<br>പ്രകടനപത്രിക.<br>പ്രചാരണം.<br>മീറ്റ് ദ കാൻഡിഡേറ്റ്.<br>വോട്ടെടുപ്പ്. | നാലു മാസം | എസ്.ആർ.ജി<br>അദ്ധ്യാപകർ<br>പി.ടി.എ<br>സോഷ്യൽസയൻസ് ക്ലബ്ബ്<br>പാർലമെന്ററി ലിറ്ററസി ക്ലബ്ബ് | പി.ടി.എ |
| **സോഷ്യൽസയൻസ് അസംബ്ലി**<br>കുട്ടികളിൽ പൗരബോധം ഉണ്ടാക്കുക. സാമൂഹ്യശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക. മറ്റുള്ളവർക്ക് മാതൃകയാകുക. ദേശീയ അന്തർദേശീയ ദിനാചരണങ്ങളിൽ പങ്കാളികളാകുക. | ഐ.സി.റ്റി സഹായത്തോടെ മാതൃകകൾ പരിചയപ്പെടുത്തൽ.<br>സമരപശാചാത്തല കാലഘട്ടത്തിൽ ജീവിച്ചിരുന്നവരെ വിളിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തുക. വിശിഷ്ട വ്യക്തിത്വങ്ങളെ വേഷവിധാനത്തിലൂടെയും വാക്യങ്ങളിലൂടെയും അനുകരിക്കുക. മാതൃകാപ്രസംഗങ്ങൾ കേൾപ്പിക്കുക. ദിനാചരണങ്ങൾ സംഘടിപ്പിക്കുക. റാലികൾ നടത്തുക. | എട്ടു മാസം | ഹെഡ്മാസ്റ്റർ<br>അദ്ധ്യാപകർ<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>പി.ടി.എ | പി.ടി.എ |
| **എക്സിബിഷൻ സംഘടിപ്പിക്കുക.**<br>സർഗ്ഗാത്മകവാസനകൾ വളർത്തുന്നതിന് അറിവുനേടുന്നതിനും പ്രാവർത്തികമാക്കുന്നതിനും നല്ലപഠനാനുഭവങ്ങൾ നൽകുന്നതിന്. | നാടകരചന, നിർമ്മാണം, അവതരണം സ്വാതന്ത്ര്യസമര ചരിത്രപ്രദർശനം സംഘടിപ്പിക്കുക. ഐ.സി.റ്റി സഹായത്തോടെ പ്രദർശനങ്ങൾ. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്ര സംഘടിപ്പിക്കുക. ചരിത്രഗ്രന്ഥങ്ങളുള്ള വായനശാലാ സന്ദർശനം, പുരാവസ്തു മ്യൂസിയ സന്ദർശനം.<br>ഉദ്യോഗസ്ഥരുമായി അഭിമുഖം. | ഒരു വർഷം | ഹെഡ്മാസ്റ്റർ<br>അദ്ധ്യാപകർ<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>പി.ടി.എ | പി.ടി.എ<br>എസ്.എസ്.എ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** **ഉപമേഖല: സാമൂഹ്യശാസ്ത്ര പഠനം**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **റോൾമോഡലുകളെ പരിചയപ്പെടൽ**<br>കുട്ടികളിൽ പൗരബോധം വളർത്തുന്നതിന്.<br>ക്രിയാത്മകവ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിന്. | സമൂഹത്തിന് മാതൃകയായ വ്യക്തികളെ ക്ഷണിച്ച് അഭിമുഖം സംഘടിപ്പിക്കുക.<br>അഭിമുഖ വീഡിയോകൾ പ്രദർശിപ്പിക്കുക.<br>രാഷ്ട്രീയപ്രമുഖരെ സന്ദർശിക്കുക.<br>സംവാദങ്ങൾ സംഘടിപ്പിക്കുക. | ഒരു വർഷം | ഹെഡ്മാസ്റ്റർ<br>അദ്ധ്യാപകർ | പി.ടി.എ<br>എസ്.എസ്.എ |
| **സ്ഥാപന നിലവാരം ഉയർത്തുക.**<br>ആകർഷണീയത ഉണ്ടാക്കുന്നതിന്<br>നിലവാരം ഉയർത്തുന്നതിന്.<br>സാമൂഹികക്ഷേമപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന്. | പരിസ്ഥിതിസൗഹൃദപദ്ധതികൾ ആവിഷ്കരിക്കുക.<br>പൂർവ്വവിദ്യാർത്ഥിസംഗമം സംഘടിപ്പിക്കുക.<br>ചുവരുകളും ക്ലാസ് റൂമുകളും ആകർഷണീയമാക്കുക.<br>മാലിന്യഹ്ഹൾ തരംതിരിച്ച് ജൈവവള നിർമ്മാണത്തിലൂടെ ശുചിത്വപരിപാടികൾ സംഘടിപ്പിക്കുക.<br>ലഹരിവിരുദ്ധബോധവത്ക്കരണങ്ങൾ.<br>പകർച്ചവ്യാധികൾ തടയുന്നതിന് ബോധവൽക്കരണം.<br>ശുദ്ധജലസംരക്ഷണപരിപാചികൾ<br>ഗതാഗതനിയമബോധവൽക്കരണം.<br>മെഡിക്കൽ ക്യാമ്പുകൾ | ഒരു വർഷം | സോഷ്യൽസയൻസ് ക്ലബ്ബ്<br>ഇക്കോ ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പൂർവ്വവിദ്യാർത്ഥികൾ<br>പി.ടി.എ<br>എസ്.എസ്.എ |
| **പോഷകാഹാരപരിപാടി**<br>കുട്ടികളുടെ ശാരീരികാരോഗ്യത്തിന്. | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | സ്കൂൾ വർഷം മുഴുവനും | ഉച്ചഭക്ഷണച്ചുമതലയുള്ള ടീച്ചർ<br>എച്ച്.എം.<br>പി.ടി.എ<br>എം.പി.ടി.എ<br>എസ്.എം.ഡി.സി | പി.ടി.എ<br>എസ്.എസ്.എ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല: അക്കാദമികം** **ഉപമേഖല: ആർട്ട് പഠനം**

| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സ്ലൈഡ് പ്രസന്റേഷൻ | പാഠ്യപദ്ധതികളിൽ പ്രതിപാദിച്ചിട്ടുള്ള അഞ്ച് കലാവിഭാഗങ്ങ്ഹളെക്കുറിച്ച് പരിചയപ്പെടുത്തൽ | ജൂൺ | ആർട്ട് അധ്യാപകൻ | |
| പ്രതിമാസ കലാ പ്രോജക്ട് | സ്കൂളിലെ ചുവരുകൾ പ്രയോജനപ്പെടുത്തി ചിത്രകലാ പ്രവർത്തനങ്ങൾ നടത്തുന്നു. | വാർഷിക പ്രവർത്തനം (വർഷം മുഴുവനും) | | പി.ടി.എ |
| പ്രകൃതിപഠന ക്യാമ്പ് | സ്കൂൾ പരിസരങ്ങൾ പ്രയോജനപ്പെടുത്തി പ്രകൃതി ചിത്രങ്ങൾ രചിക്കുന്നു. | ആഗസ്റ്റ് | | |
| ഛായാചിത്രം ഡെമോൺസ്ട്രേഷൻ | ഛായാചിത്രരചനയുടെ തൽസമയ രചനാരീതികൾ പരിചയപ്പെടുത്തുക. | ജനുവരി | ആർട്ട് അധ്യാപകൻ | |
| ക്ലാസ് റൂം നാടകം | സ്കൂളിലെ മികച്ച നടികരെ കണ്ടെത്തി ഒരു നാടകം അവതരിപ്പിക്കുക. | വാർഷിക പ്രവർത്തനം | | |
| പ്രിന്റിംഗ് കലാ ഡെമോൺസ്ട്രേഷൻ | പ്രിന്റിംഗ് കലയുടെയും ഡിസൈനുകളുടെയും സാധ്യതകൾ ഉപയോഗിക്കുക. | ഫെബ്രുവരി | | എസ്.എസ്.എ |
| പ്രദർശനം | എല്ലാ പ്രവർത്തനങ്ങളുടെയും അവസാനത്തിൽ പ്രദർശനം സംഘടിപ്പിക്കുക. | വാർഷിക പ്രവർത്തനം | ആർട്ട് അധ്യാപകൻ | |

| അക്കാദമിക് മാസ്റ്റർപ്ലാൻ | | | | |
|---|---|---|---|---|
| മേഖല: അക്കാദമികം | | | | ഉപമേഖല: ഫിസിക്കൽ എഡ്യൂക്കേഷൻ |
| പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതലകൾ | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ആരോഗ്യം എന്ന ലക്ഷ്യം മുൻനിർത്തി എട്ടാംതരം മുതലുള്ള കുട്ടികളിൽ കായികാഭിരുചി വളർത്തുക. | കുട്ടികൾക്ക് ശാരീരികക്ഷമത കൈവരിക്കുന്നതിനാവശ്യമായ വ്യായാമങ്ങൾ ഉൾപ്പെടുത്തി കായികമായ നിരന്തര പരിശീലനമായ ജനറൽ എക്സർസൈസ് ചെയ്യുന്നു. കൂടാതെ കുട്ടികളിലെ കായിക കഴിവുകൾ (ഗെയിംസ്, അത്‌ലറ്റിക്സ്) കണ്ടെത്തി പരിശീലിപ്പിക്കുക. | ഒരു വർഷം | സ്പോർട്സ് ക്ലബ്ബ് | |
| <u>അഭിരുചി വളർത്തൽ</u><br>ഗെയിംസിൽ താല്പര്യമുള്ള കുട്ടികളെ വളർത്തുക.<br>ഉദാ: വോളിബാൾ, ഷട്ടിൽ ബാഡ്മിന്റൻ, ഖോ ഖോ, ഫുട്ബോൾ, ഹാൻഡ് ബോൾ, റെസ്‌ലിംഗ്, ജൂഡോ, കബഡി.<br>കൂടുതൽ താല്പര്യമുള്ള ഗെയിം ഇനങ്ങൾക്ക് പ്രിഫറൻസ് കൊടുക്കുക. | ഇതിനായി പ്രത്യേക പരിശീലനം നൽകുക. കോർട്ടുകൾ നിർമ്മിക്കുക. | രണ്ട് വർഷം | ഹെഡ്മാസ്റ്റർ<br>കായികാദ്ധ്യാപകൻ<br>സ്പോർട്സ് ക്ലബ്ബ് | ജില്ലാപഞ്ചായത്ത് |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

1. ഓരോ വിദ്യാർത്ഥികൾക്കും അവരുടെ അഭിരുചിക്കനുസരിച്ച് പഠിക്കുവാനും ആഹ്ലാദിക്കാവുനും കഴിയും.
2. വിദ്യാർത്ഥികൾക്ക് പരസ്പര സ്നേഹവും സഹവർത്തിത്ത്വവും വളരുന്നു.
3. കുട്ടികൾക്ക് സാമൂഹ്യ ബോധവും സഹാനുഭൂതിയും പകർന്ന് നൽകുക.
4. വിജയശതമാനത്തിനപ്പുറം ഓരോ വിദ്യാർത്ഥിക്കും അവനവന്റെ കഴിവുകൾക്കനുസരിച്ച് വളരാനുള്ള അവസരം.
5. കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് തങ്ങളനുഭവിക്കുന്ന മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം.
6. വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന കൂട്ടായ പ്രവർത്തനം.
7. വിദ്യാർത്ഥികൾ അതത് വിഷയങ്ങൾ അറിഞ്ഞും ആഹ്ലാദിച്ചും പഠിക്കുന്നു.
8. തങ്ങൾക്ക് താൽപര്യമുള്ള വഴികൾ കണ്ടെത്താനും ആ വഴി മുന്നേറാനും സഹായം.
9. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഒരുപോലെ മികവ് പുലർത്തുക.
10. മത്സരാതീതമായി കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുക.
11. ഭിന്നശേഷിക്കാരായ കുട്ടികളും പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളും മുഖ്യധാരയിലെത്തി സാധ്യമായ ഉയരങ്ങളിലെത്തും.

## മോണിറ്ററിംഗ്

വിദ്യാഭ്യാസ വകുപ്പ്, ഹെഡ്മിസ്ട്രസ്, എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ, ക്ലാസ് പി.ടി.എ, സംവിധാനങ്ങൾ

## ഉപസംഹാരം

പുത്തൻ സാമ്പത്തികനയങ്ങൾ പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന കാലഘട്ടമാണ് നമ്മുടേത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസരംഗത്തെ കച്ചവടമനോഭാവവും സ്വകാര്യവൽക്കരണവും ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. സമഗ്രവും ശാസ്ത്രീയവും സ്ഥായിയുമായ കർമ്മപദ്ധതികൾ സൃഷ്ടിച്ചുകൊണ്ടും നവോത്ഥാനമൂല്യങ്ങൾ കാത്തുരക്ഷിച്ചും പൊതുവിദ്യാഭ്യാസരംഗം സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്. നാട്യങ്ങളില്ലാത്ത, നന്മകളാൽ സമൃദ്ധമായനമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026 ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വയലാ ഗവ. ഹൈസ്കൂളിന്റെ ഭാവികാല പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സഹായിച്ച ബഹുമാന്യരായ ഹെഡ്മിസ്ട്രസ്, അധ്യാപകർ, അനധ്യാപകർ തുടങ്ങി എല്ലാവരോടും നന്ദി അറിയിക്കുന്നു.